








St. Peter
Our Patron
Saint



**<u>Our Patriarch</u>**
H.H. Moran Mor
Ignatios Zakha I, of
Antioch and All the
East



**<u>Our Catholicos</u>**
H.B. Baselios
Thomas I



**<u>Our Patriarchal Vicar</u>**
H.G. Pathros
Mor Osthatheos

# Editorial



വീണ്ടും ഒരു പുതുവത്സരം കൂടി വരവായി. ഒരായിരം സ്തുതികൾ കരേറ്റിക്കൊണ്ട് ഒരു പുതുവർഷപുലരി കൂടി ആസ്വദിക്കുവാൻ കർത്താവ് നമുക്ക് കൃപ നൽകിയിരിക്കുന്നു. പ്രതീക്ഷകളോടും പുത്തൻ പ്രതിജ്ഞകളോടും കൂടെ പുതുവത്സരത്തെ ദൈവകരങ്ങളിൽ നിന്നും നമുക്ക് പ്രാർത്ഥനാപൂർവ്വം സ്വീകരിക്കാം. നന്മ ചെയ്തുകൊണ്ട്, നല്ലത് പറഞ്ഞു കൊണ്ട് പാലസ്തീനിലൂടെ ചുറ്റി സഞ്ചരിച്ച കർത്താവിനേപ്പോലെ ഈ ലോകത്ത് കൂടുതൽ നന്മ പ്രസരിപ്പിക്കുന്നതിനാണ് കർത്താവ് നമുക്ക് ആയുസ്സ് നീട്ടിത്തന്നതെന്നോർക്കണം. നമ്മുടെ ഈ ക്ഷണികമായ ജീവിതത്തിലൂടെ യേശുവിനെ പ്രഘോഷിക്കുന്നവരായി, യേശുവിന്റെ സ്നേഹത്തിന്റെ പ്രചാരകരും പ്രഘോഷകരുമായി മാറുവാൻ നമുക്ക് ഈ പുതുവർഷ പുലരിയിൽ തീരുമാനമെടുക്കാം. ദു:ഖിതർക്ക് അത്താണിയായ, രോഗിക്കു വൈദ്യനായ, വിശക്കുന്നവർക്ക് ഭക്ഷണമായ, അടിച്ചമർത്തപ്പെട്ടവർക്ക് വിമോചകനായ യേശുവിനെ നമ്മുടെ ജീവിതത്തിലൂടെ പ്രതിഫലിപ്പിക്കാൻ ശ്രമിക്കാം.

സ്വന്തം നിഴൽ കാലുകൊണ്ട് തുടച്ചു മാറ്റാൻ ശ്രമിച്ച കൊച്ചുകുഞ്ഞിന്റെ കഥ കേട്ടിട്ടില്ലേ? എത്ര തുടച്ചിട്ടും നിഴൽ മായുന്നില്ലെന്നു കണ്ട കുഞ്ഞ് കരഞ്ഞു കൊണ്ട് പിതാവിനോട് പരാതിപ്പെട്ടു. ഈ കറുത്ത രൂപം മായുന്നില്ല. കുഞ്ഞിനോട് സൂര്യനഭിമുഖമായി നിൽക്കാനായിരുന്നു പിതാവിന്റെ നിർദ്ദേശം. സൂര്യനഭിമുഖമായി നിന്ന തന്റെ മുന്നിൽ കറുത്ത നിഴൽ കാണാനാവാതെ ആ കുഞ്ഞ് സന്തോഷം കൊണ്ട് തുള്ളിച്ചാടിയത്രേ. ഒരു വലിയ ജീവിത സത്യത്തിലേക്കാണീ ചെറിയ സംഭവം നമ്മെ നയിക്കുന്നത്.

മനുഷ്യൻ, ദൈവത്തെ മുന്നിൽ നിർത്താത്ത വേളയിൽ അവന്റെ മുന്നിൽ കറുത്ത രൂപങ്ങൾ മായിക്കാനാവാത്തവിധം തെളിഞ്ഞ് നിലകൊള്ളും. എന്നാൽ ദൈവത്തെ മുന്നിൽ നിർത്തുന്ന നിമിഷം ഭാവി ജീവിതം പ്രകാശപൂരിതമായി മാറും. കഴിഞ്ഞ കാല ജീവിതത്തിലെ വീഴ്ചകളേയും വിഷാദങ്ങളേയും വികലതകളേയുമെല്ലാം വിളിപ്പാടകലെ നിർത്തിയിട്ട് ജീവിതത്തിന്റെ ചുക്കാൻ കർത്താവിനെ ഏൽപ്പിക്കാനല്ലേ ഈ സംഭവം നമ്മെ പ്രരിപ്പിക്കുന്നത്. ആകയാൽ "ഞാൻ കർത്താവിനെ എപ്പോഴും എന്റെ മുമ്പിൽ കണ്ടിരിക്കുന്നു. കർത്താവ് എന്റെ വലത്തുഭാഗത്തുള്ളതിനാൽ ഞാൻ കുലുങ്ങിപ്പോകില്ല" എന്നു പാടിയ ദാവീദിനേപ്പോലെ കർത്താവിൽ ദൃഷ്ടിയുറപ്പിച്ച് നമുക്ക് പ്രാർത്ഥിച്ചാരംഭിക്കാം. ഈ വർഷമെങ്കിലും വിശന്നു ദാഹിക്കുന്നവരിലും അനാഥരിലും അടിച്ചമർത്തപ്പെട്ടവരിലും രോഗികളിലും പരദേശികളിലും ഒക്കെ കർത്താവിന്റെ മുഖം ദർശിക്കുവാൻ, വായിച്ചെടുക്കുവാൻ നമുക്ക് കഴിയണം.

കർത്താവിനെ പ്രസാദിപ്പിക്കുന്ന, ക്രിസ്തുവിൽ കേന്ദ്രീകൃതമായ, തിരുവചനത്തിലധിഷ്ഠിതമായ ഒരു ജീവിതം നയിക്കുവാൻ ഇന്ന് കഴിഞ്ഞില്ലെങ്കിൽ പിന്നെ എന്നാണ് സാധ്യമാവുക. അടുത്ത പുതുവർഷം കാണുവാൻ നാം ഉണ്ടാകും എന്നതിന് എന്താണൊരുറപ്പുള്ളത്. പുതിയ തീരുമാനങ്ങളെടുക്കാൻ നമുക്കിനിയും ഒരു പുതുവർഷം ലഭിക്കുമെന്ന് എന്താണുറപ്പ്? അതുകൊണ്ടു തന്നെ തീരുമാനമെടുക്കാൻ താമസിക്കരുതേ.

നദിയിലെ ജലം തിരിച്ചു വരാതെ എന്നേയ്ക്കുമായി ഒഴുകി പോകുന്നതു പോലെയാണ് ജീവിതവും. ഒരിക്കലും ആവർത്തിക്കാറില്ല. അലസമായി, അശ്രദ്ധ മായി നാം പഴാക്കുന്ന ഓരോ നിമിഷവും വലിയ നഷ്ടമാണുണ്ടാക്കുന്നതെന്നറിയണം. ജാനസ് എന്ന റോമൻ ദേവൻെറ പേരിൽ നിന്നാണല്ലോ വർഷാരംഭമാസമായ ജനുവരി ഉണ്ടായത്. ജാനസ് ദേവന് മുമ്പോട്ടും പിറകോട്ടും തിരിഞ്ഞിരിക്കുന്ന രണ്ടു തലകളും നാല് കണ്ണുകളുമുണ്ടത്രെ. ചിന്തിപ്പിക്കുന്ന ഒരു സങ്കൽപ്പമാണിത്. ഓരോ നിമിഷവും നാം മുമ്പോട്ടും പിന്നോട്ടും നോക്കേണ്ടിയിരിക്കുന്നു. ഇതുവരെയുമെന്നെ ജയോത്സവമായി വഴി നടത്തിയ ദൈവം ഇനിയും എന്നെ വഴി നടത്തുവാൻ മതിയായവനാണെന്ന ഉറച്ച ബോധ്യത്തി ലേക്ക് ഈ നോട്ടം നമ്മെ വഴി നടത്തും. ദാവീദ് പാടുന്നു "എൻെറ ആത്മാവേ, കർത്താവിനെ വാഴ്ത്തുക, അവിടുന്നു നൽകിയ അനുഗ്രഹങ്ങളൊന്നും മറക്കരുത്." (103 :2). ജീവിത വിജയം അടിസ്ഥാനപ്പെട്ടിരിക്കുന്നത്

ജീവിതത്തെക്കുറിച്ചുള്ള നമ്മുടെ ആസൂത്ര ണത്തിലാണ്. ഭാവിയെക്കുറിച്ച് നമുക്ക് വ്യക്തമായ ഒരു ദർശനം, ആസൂത്രണം വേണ്ടിയിരിക്കുന്നു. പ്രാർത്ഥിച്ച്, ദൈവഹിതം അറിഞ്ഞു വേണം ഭാവി കാര്യങ്ങൾ ആസൂത്രണം ചെയ്യുവാൻ. വ്യക്തമായ ലക്ഷ്യബോധമുണ്ടെങ്കിലെ ജീവിത വിജയം എളുപ്പമാവുകയുള്ളൂ.

പുതിയൊരു വർഷത്തെ സ്വാഗതം ചെയ്യുമ്പോൾ നമ്മിലുണരേണ്ട ഒരു ചിന്തയുണ്ട്. " Today is the first day of the rest of my life."ഈ ജീവിതമിനി എത്ര നീളുമെന്ന് നമുക്കറിയില്ലെങ്കിലും ഒരു കാര്യം ഉറപ്പായിട്ടറിയാം. ശേഷിക്കുന്ന ആയുസ്സിൻെറ ആദ്യ ദിനം ഇന്നാണ്.

ഈ ചിന്ത നമ്മെ കൂടുതൽ കർമ്മനിരതരാക്കണം. ഇന്നു നാം ചെയ്യണമെന്ന് ദൈവം നമ്മെക്കുറിച്ചാഗ്ര ഹിക്കുന്ന എല്ലാ ഉത്തരവാദിത്വങ്ങളും ഇന്നു തന്നെ ചെയ്തു തീർക്കുമെന്ന് നാം തീരുമാനം എടുക്കണം, ഇന്ന് ചെയ്തു തീർക്കേണ്ട ഒന്നും നാളേയ്ക്ക് മാറ്റി വയ്ക്കരുത് 'Nothing be left un done.' എറുമ്പിനെ നോക്കുക അതെത്ര ചെറിയ സൃഷ്ടിയാണ്. അതിൻെറ കാലുകൾ എത്ര ചെറുതാണ്. എന്നിട്ടും അത് എത്ര ഉയരത്തിൽ ചെന്നു പറ്റുന്നു! നിരന്തരമായ പരിശ്രമമാണ് എറുമ്പിനെ ഉന്നതത്തിലെത്തിക്കുന്നതെങ്കിൽ ഈ പരിശ്രമം തന്നെയാണ് ആരെയും ഉന്നതരാക്കിയിട്ടു ള്ളതും ഉന്നതരാക്കുന്നതും.

"പരിശ്രമം ചെയ്യുകിലെന്തിനേയും
വശത്തിലാകാൻ കഴിവുള്ള വണ്ണം
ദീർഘങ്ങളാം കൈകളെ നൽകിയത്രേ
മനുഷ്യരെപ്പാരിലയച്ചതീശൻ"

എന്ന് ശ്രീമാൻ കെ. സി. കേശവപിള്ള പാടിയത് ഓർമ്മയില്ലേ.

പുതുവത്സരം നേട്ടങ്ങളുടേതായിരിക്കണമെങ്കിൽ അതിനു കൊടുക്കേണ്ട വില ദൃഢ പ്രതിജ്ഞയും സ്ഥിരോത്സാഹവുമാണ്.

2012-ലെ വീഴ്ചകളും അപജയങ്ങളും പുതുവർഷത്തിൽ ആവർത്തിക്കാനിടവരുത്തല്ലേ എന്ന് പ്രാർത്ഥിച്ച്, ദൈവത്തിൽ ആശ്രയിച്ച് പ്രതീക്ഷയോടെ നമുക്ക് മുന്നോട്ടു നീങ്ങാം. അസാദ്ധ്യമായവയെ സാദ്ധ്യമാക്കിത്തരു ന്നവനാണ് ദൈവം. ഇസ്രായേല്യരായ ആൺ കുഞ്ഞുങ്ങളെ വധിക്കാൻ ഉത്തരവിട്ട ദുഷ്ട ഫറവോയുടെ കൊട്ടാരത്തിൽ തന്നെ, ഇസ്രായേലിൻെറ വിമോചകനെ പരിശീലനം കൊടുത്തു വളർത്തിയ അതേ ദൈവം തന്നെയാണ് നമ്മോടു കൂടെയുള്ളത്. പ്രതികൂലങ്ങളെ അവൻ അനുകൂലമാക്കും,

ദുരന്തങ്ങൾ നീക്കി അനുഗ്രഹം പകരും. തകർന്ന ജീവിതങ്ങളെ പുതുതാക്കും. "ഇതാ ഇന്നു മുതൽ ഞാൻ നിങ്ങളെ അനുഗ്രഹിക്കും" (ഹഗ്ഗായി 2:19) എന്നവൻ വാഗ്ദാനം ചെയ്യുന്നു. ആണ്ടിൻെറ ആരംഭം മുതൽ അവസാനത്തോളം അവൻെറ ദയാദൃഷ്ടി നമ്മിലുണ്ടാകും. ആകയാൽ ലോകം എങ്ങനെയുമായിക്കൊള്ളട്ടെ നമുക്ക് കർത്താവിനോടൊപ്പം ആയിരിക്കുമെന്ന് തീരുമാനം എടുക്കാം. സങ്കീർത്തനക്കാരനോട് ചേർന്ന് നമുക്കും പാടാം. 'കർത്താവാണ് എൻെറ ഇടയൻ എനിക്കൊന്നിനും കുറവുണ്ടാകയില്ല'.

പ്രിയരേ ഈ പുതുവത്സര വേളയിൽ നമ്മുടെ ആത്മീയപിതാവ് അഭിവന്ദ്യ പത്രോസ് മോർ ഒസ്താത്തിയോസ് തിരുമനസ്സിൻെറ അനുഗ്രഹീത സാന്നിധ്യവും വാഴ്വുകളും നമ്മോടൊപ്പം ഉണ്ട് എന്നത് ഏറെ സന്തോഷകരമായ വസ്തുതയാണ്. നവവർഷ ആരംഭത്തിൽ തന്നെ ഇടവകയ്ക്ക് പുത്തൻ ദർശനങ്ങളും പുത്തൻ ആവേശവും ഉണർവ്വും പകർന്നു കൊണ്ട് ഇടവകയെ ഒന്നടങ്കം ആത്മീയ ആനന്ദ തിമിർപ്പിലാക്കുവാൻ തിരുമനസ്സിൻെറ സന്ദർശനത്തിനു സാധിച്ചതിനെ ഓർത്തു ദൈവത്തെ സ്തുതിക്കുന്നു. 50-ാം വയസ്സിലേയ്ക്ക് പ്രവേശിക്കുന്ന അഭിവന്ദ്യ തിരുമനസ്സിന് ഇടവകയുടെ ജന്മദിനാശംസകൾ പ്രാർത്ഥനാപൂർവ്വം നേരുന്നതോടൊപ്പം അഭിവന്ദ്യ തിരുമനസ്സിൻെറ ആയുരാരോഗ്യ സൗഖ്യത്തിന്നായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

പുതിയ മാനേജിംഗ് കമ്മിറ്റി, ദൈവാലയത്തിൻെറ ശുശ്രൂഷകൾ ഏറ്റെടുക്കുന്ന ഈ വേളയിൽ, സ്ഥാനമൊഴിയുന്ന 2012 വർഷത്തിലെ കമ്മിറ്റിയുടെ സ്തുത്യർഹമായ സേവനങ്ങളെ പ്രതി തുറന്ന മനസ്സോടും നിറഞ്ഞ സ്നേഹത്തോടും കൂടെ ദൈവനാമത്തിൽ അഭിനന്ദിക്കുന്നതോടൊപ്പം സ്ഥാനം ഏറ്റെടുക്കുന്ന പുതിയ കമ്മിറ്റിയ്ക്ക് ആവശ്യമായ ദൈവീക നടത്തിപ്പും പരിപാലനവും ധാരാളമായി ലഭിക്കട്ടെ എന്നു പ്രാർത്ഥിക്കുകയും ഇടവകയുടെ 35-ാം വാർഷീകാഘോഷ വേളയിൽ വളർച്ചയുടെ പുതിയ സാധ്യതകൾ കണ്ടെത്തുവാൻ സാധിക്കട്ടെ എന്ന് ആശംസിക്കുകയും ചെയ്യുന്നു. ഇടവക എന്നാൽ ഇടയൻെറ വക എന്നാണ് വിവക്ഷ. ദൈവാലയം എന്നാൽ ദൈവത്തിൻെറ ആലയമെന്നും. നമ്മുടെ ഭവനങ്ങളിൽ നമ്മുടെ ഇഷ്ടപ്രകാരം കാര്യങ്ങൾ നിർവ്വഹിക്കപ്പെടുകയും ക്രമീകരിക്കപ്പെടുകയും ചെയ്യുന്നതു പോലെ ദൈവത്തിൻെറ ഭവനത്തിൽ ദൈവഹിതമാണ് നിറവേറ്റപ്പെടേണ്ടത് എന്ന കാര്യം വിനയത്തോടെ എല്ലാവരേയും ഓർമ്മിപ്പിക്കട്ടെ. സമൂഹമദ്ധ്യേയുള്ള ദൈവീക സാന്നിധ്യത്തിൻെറ പ്രതീകമായി ദൈവാലയം പരിലസിക്കണമെങ്കിൽ ദൈവാലയത്തിലെ കൂടിവരവുകളും ആരാധനയും പ്രവർത്തനങ്ങളുമെല്ലാം ദൈവനാമ മഹത്വത്തേയും വിശ്വാസികളുടെ വിശുദ്ധീകരണത്തേയും സമൂഹത്തിൻെറ നന്മയേയും ലക്ഷ്യം വച്ചുകൊണ്ടുള്ളവയായിരിക്കണം.

ദൈവാലയത്തിൽ ശുശ്രൂഷിക്കുവാൻ ലഭിക്കുന്ന അവസരങ്ങളെ വലിയ ഭാഗ്യമായി കണ്ടു കൊണ്ട് സ്വമഹിമയേക്കാൾ ദൈവനാമ മഹത്വത്തിന് പ്രാമുഖ്യം നൽകുകയും മറ്റുള്ളവരെ തങ്ങളേക്കാൾ ശ്രേഷ്ഠരെന്ന് എണ്ണിയും ഉത്തരവാദിത്വങ്ങൾ വിശ്വസ്തതയോടെ നിർവ്വഹിക്കുന്നവരും അവരുടെ ഭവനങ്ങളും നിശ്ചയമായും അനുഗ്രഹിക്കപ്പെടുക തന്നെ ചെയ്യും. അങ്ങനെ സകല ദൈവാനുഗ്രഹങ്ങളുടേയും കേന്ദ്രമായി ഈ വിശുദ്ധ ദൈവാലയം എന്നെന്നും പരിലസിക്കട്ടെ.

അനുഗ്രഹ സമൃദ്ധവും കൃപാ പൂരിതവുമായ പുതുവത്സരം പ്രാർത്ഥനാപൂർവ്വം എല്ലാവർക്കും ആശംസിച്ചു കൊണ്ടും ദൈവം എല്ലാവരേയും അനുഗ്രഹിക്കട്ടെ എന്നു പ്രാർത്ഥിച്ചു കൊണ്ടും.

സ്നേഹപൂർവ്വം

ക്രിസ്തുയേശുവിൽ
നിങ്ങളുടെ ബെന്നിയച്ചൻ

## ജനുവരി മാസത്തെ വിശേഷദിവസങ്ങൾ

ദനഹാപെരുന്നാൾ ജനുവരി 5 (ശനിയാഴ്ച) വൈകുന്നേരം വി. കുർബ്ബാന

മൂന്നു നോമ്പ് ജനുവരി 21 (തിങ്കളാഴ്ച) ആരംഭിച്ച് ഇരുപത്തി മൂന്നാം തീയതി (ബുധനാഴ്ച) വൈകിട്ട് അവസാനിക്കും

## VISIT OF OUR PATRIARCHAL VICAR H.G. PATHROSE MOR OSTHATHEOS METROPOLITAN




നമ്മുടെ ഇടവക മെത്രാപ്പോലീത്ത നി.വ.ദി. ശ്രീ. പത്രോസ് മോർ ഒസ്താത്തിയോസ് തിരുമനസ്സുകൊണ്ട് ഡിസംബർ മാസം ഇരുപത്തിയൊന്നാം തീയതി ഏകദേശം രണ്ടാഴ്ചക്കാലത്തെ സന്ദർശനത്തിനായി ബഹ്റൈനിൽ എത്തിച്ചേർന്നു. അഭിവന്ദ്യ തിരുമനസ്സിനെ നമ്മുടെ വികാരിയച്ചനും, കമ്മറ്റിയംഗങ്ങളും, മററു ഇടവകാംഗങ്ങളും ചേർന്ന് വിമാനത്താവളത്തിൽ സ്വീകരിച്ചു.

# CHRISTMAS TREE, STAR AND CAKE COMPETITION HELD ON 21.12.2012






FIRST PRIZE


SECOND PRIZE
Christmas Plum Cake


THIRD PRIZE








Christmas Eve Nercha Preparation


THIRUMENI'S SUPPORT
ON NERCHA PREPARATION

# Sunday School Annual Competition




## Are You Bible Literate?

## Bible Crossword # 1 (January 2013 )



**Leela Alexander**



Leela Alexander

**ACROSS**

2 Which doting father gave his favourite son a coat of many colours?

4 Which servant of a prophet had his skin turned white as snow?

6 Which prophet saw a multicoloured eagle carrying of the top of a cedar tree?

9 Which sweet food was white like coriander seed?

10 Which prophet had a vision of four chariots pulled by different coloured horses?

12 What colour was the seven headed dragon in the book of Revelation?

13 Which New Testament woman was a seller of purple cloth?

14 Which insects' invasion made Egyptian ground darkened?

**DOWN**

1 Which prophet talked about idols dressed in blue and purple garments?

3 Which king promised purple robes for the man who could explain a strange inscription?

5 Which colour was the cloth over the altar in the tabernacle?

7 Who had a vision of a heavenly being with the hair of his head like white wool and had white clothing?

8 Which colour cord was Rahab supposed to tie to her window to recognize her home?

9 Which jew wore royal purple garments in a foreign court?

11 Which person did Paul called white washed wall?

This is the first in the series of Bible crossword puzzles for 2013. All the clues are about **colours** mentioned in the Bible. Solve the crossword. A few references are given. Use them if necessary. Please submit your answers in the box kept next to the door of the church within 10 days after the release of the newsletter.

This contest is open to all Sunday school students and adults. The winners' names will be published in the church newsletter. The annual award is given only to Sunday School students. You may also send the answers to me by email. My email address is

**ocalex@batelco.com.bh**
**ocalexleela@gmail.com**

**Useful References: Revelation 2, Genesis 37, Acts 16, Zechariah 6, Esther 8, Jeremiah 10, Daniel 7, 2Kings 5, Exodus 10, Ezekiel 17, Joshua 2, Daniel 5, Exodus 16, Acts 23, Numbers 15.**

## Solution to Bible Crossword December 2012

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | J | O | S | E | P | H | | Z | | |
| | | | O | | | | | | J | E | H | U |
| | M | O | S | E | S | | | | | C | | |
| | | | I | | | E | L | I | S | H | A | |
| | | | A | | | L | | | | A | | |
| | | P | H | I | L | I | P | | | R | | S |
| | L | | | | | J | | | | I | | O |
| R | E | H | O | B | O | A | M | | P | A | U | L |
| | V | | | | | H | | | | H | | O |
| | I | | | | | | | A | | | | M |
| | T | | | | | | | H | | | | O |
| | E | G | Y | P | T | | N | A | A | M | A | N |
| | S | | | | | | | B | | | | |

**Congratulations children. That was real persistance, hard work, determination and above all love of the Bible. Keep up this spirit.**
***Leela Alexander***

## Winners of Bible Crossword December 2012

Acsah Elizabeth Abraham
Akhil Basil Paulose
Aneena Mary Abraham
Anjana Mariam Roy
Anju Paulose
Athira Sabu
Chithira Sabu
Christin Paul
Christy Mary
Dan Abraham
Elaine Agith
Erwin Mary Mathew
Flemy P. Eby
George K. Laji
Irene Elizabeth Mathew
Jeeba C. Biju
Jibu Joseph Biju
Johann Agith
Kamal Baby Paul
Liya Sara Joseph
Mahal Mani Ulahannan
Merin Mary Basil
Merlin Mary Basil
Milan Mani Mathew
Sarah Laji
Sebine Scaria
Serene Scaria
Sharon Paul
Sherin Susan Isaac
Shruti Ann Isaac
Sofia C. Paul

## 2012 CROSSWORD PRIZE WINNERS (Correctly Answered in all 9 Puzzles)

Acsah Elizabeth Abraham
Akhil Basil Paulose
Aneena Mary Abraham
Anjana Mariam Roy
Anju Paulose
Athira Sabu
Chithira Sabu
Christin Paul
Christy Mary
Dan Abraham
Elaine Agith
Flemy P. Eby
Jeeba C. Biju
Jibu Joseph Biju
Johann Agith
Kamal Baby Paul
Mahal Mani Ulahannan
Milan Mani Mathew
Sebine Scaria
Serene Scaria
Sharon Paul
Sherin Susan Isaac
Shruti Ann Isaac
Sofia C. Paul

## 2012 BIBLE QUIZ PRIZE WINNERS (Correctly answered in all 9 Quizes)

Aleyamma Thomas
Aneena Mary Abraham
Anju Paulose
Bisy Eby
Blessy Prajeesh
Christy Mariam Reji
Elsy Abraham
Giley Susan Mathew
Jean Sara Agith
Jessy Biju
Joji Susan Mani
Lali Chandy Joshua
Lissy Sunil
Mercy Abraham
Rini Mathew
Sezil Baby
Shaiby Baby
Shelby Jacob
Zibi Benny

## അനുശോചനം

ശ്രീ. രാജു ജോസഫിന്റെ ഭാര്യാമാതാവ് കർത്താവിൽ നിദ്ര പ്രാപിച്ചു. പരേതാത്മാവിന്റെ നിത്യശാന്തിക്കായി പ്രാർത്ഥിക്കുന്നതോടൊപ്പം സന്തപ്ത കുടുംബാംഗങ്ങളെ ഇടവകയുടെ അനുശോചനം അറിയിക്കുകയും ചെയ്യുന്നു.

ശ്രീ. അനിൽ ജോയിയുടെ പിതാവ് ശ്രീ. എം. പി. ജോയി അകാലത്തിൽ കർത്താവിൽ നിദ്ര പ്രാപിച്ചു. പരേതാത്മാവിന്റെ നിത്യശാന്തിക്കായി പ്രാർത്ഥിക്കുന്നതോടൊപ്പം സന്തപ്ത കുടുംബാംഗങ്ങളെ ഇടവകയുടെ അനുശോചനം അറിയിക്കുകയും ചെയ്യുന്നു.

## ഉത്തരങ്ങൾ
## ക്വിസ്സ് നമ്പർ 9

1. ഉയർത്തെഴുന്നേൽപ്പിക്കും (6: 24)
2. ലാസറിന്റെ കല്ലറയ്ക്കൽ വച്ച് (11: 35)
3. യേശു നിക്കോദേമൊസിനോട് (3: 7)
4. 38 വർഷം രോഗിയായി കിടന്ന മനുഷ്യൻ പിറവിക്കുരുടന കാഴ്ച (5: 8, 9) (9: 14)
5. കല്ലെറിയണം (8: 4, 5)
6. വന്നു കാണുവിൻ (1: 38, 39)
7. ഞാൻ ചെയ്യുന്നത് നീ ഇപ്പോൾ അറിയുന്നില്ല പിന്നെ അറിയും (13: 6, 7)
8. കയറുകൊണ്ട് ഒരു ചമ്മട്ടി (2: 14)
9. അന്ത്രെയോസ് സഹോദരനായ ശീമോൻ പത്രോസിനോട് ((1: 41)
10. നോക്കുക, നിനക്കു സൗഖ്യമായല്ലോ, അധികം തിന്മയായതു ഭവിക്കാതിരിപ്പാൻ ഇനി പാപം ചെയ്യരുത് എന്നു പറഞ്ഞു (5: 14)
11. അയയ്ക്കപ്പെട്ടവൻ (9: 7)
12. ഈ ദീനം മരണത്തിനായിട്ടല്ല, ദൈവപുത്രൻ മഹത്വപ്പെടേണ്ടതിനു, ദൈവത്തിന്റെ മഹത്വത്തിനായിട്ടത്രേ (11: 3, 4 )
13. ആറു ദിവസം മുൻപേ (12: 1)
14. ഫീലിപ്പോസ് (14: 8)
15. അന്ത്രെയോസും, ഫീലിപ്പോസും (12: 22)

## ക്വിസ്സ് നമ്പർ 8
## വിജയികൾ

Aleyamma Thomas

Aneena Mary Abraham

Anju Paulose

Bisy Eby

Blessy Prajeesh

Christy Mariam Reji

Elsy Abraham

Giley Susan Mathew

Jean Sara Agith

Jessy Biju

Joji Susan Mani

Lali Chandy Joshua

Lissy Sunil

Mercy Abraham

Rini Mathew

Sezil Baby

Shaiby Baby

Shelby Jacob

Zibi Benny

### അഭിനന്ദനങ്ങൾ



ഉഷ അച്ചൻകുഞ്ഞ്

# NEW BORN

എൽദോസ് ഗീവർഗ്ഗീസ്, ആഷ എൽദോസ് ദമ്പതികൾക്ക് ഒരു പെൺകുഞ്ഞ് ജനിച്ചു

ബൈജു പി. എം., ദിവ്യ ബൈജു ദമ്പതികൾക്ക് ഒരു പെൺകുഞ്ഞ് ജനിച്ചു

ബിനുമോൻ ജേക്കബ്, ഹെപ്സി ബിനു ദമ്പതികൾക്ക് ഒരു പെൺകുട്ടി ജനിച്ചു

രഞ്ചു മത്തായി, സനു പീററർ ദമ്പതികൾക്ക് ഒരു ആൺകുട്ടി ജനിച്ചു

**അഭിനന്ദനങ്ങൾ!!!!**



## Adieu!! Adieu!!!

Dear brothers and sisters,

On behalf of the Managing Committee of St. Peter's J.S.O. Church, I would like to extend warm Season's greetings and best wishes for the New Year to one and all.

The ancient Roman mythological god 'Janus' is usually illustrated as a two-faced god, since he looks to the future and the past. As Janus, when we look back to 2012, theManaging Committee members bows our head in front of the Almighty God for His wonderful ways through which He directed us in every aspect of the Church matters.

As a close-knit family, most of the members of our Church supported the Managing Committee in its activities throughout the year 2012, and we are indebted to each and every member for it. The first-ever 'Home Land Get-Together Programme' for the ex-members, and introduction of 'Members Welfare Fund', a unique free insurance protection for all our members, etc. was became great success due to the prayers and support of you all.

We hope and worked only for the betterment of our Church and unity among our members. We are proud to note that as the Managing Committee members we worked hand-in-hand altogether throughout the year and praise Almighty God for filling wisdom and truthfulness in our activities during the entire tenure. On behalf of the Managing Committee, I would like to thank one and all who supported us to fulfill the task entrusted upon us.

As mentioned in my first message to you in the February Bulletin, we never promised any impossible, but silently explored the possibility of getting a permanent place of worship for us and at last suggested in the General Body to approve a land leasing agreement for fulfilling our dream. We pray to the God Almighty to work among us to fulfill the dream project.

Finally, apart from you all, let me thank the Vicar and President of the Managing Committee Fr. Benny Abraham for his guidance and support, as well as, to all my colleagues in the Managing Committee, for their wonderful help and support extended to me during 2012, without which I couldn't do anything.

I would like to extend my whole-hearted help and support to the new Managing Committee for 2013 and pray God Almighty to bless our Church and its members at all times.

Merry Christmas & Happy New Year!!!!

**Chev. Thomas Abraham**
Hon. Secretary



Name: **ANISH NINAN (A 067) – Tel.: 39610768**
Address: Flat 415, Building 03, Buquwara, East Riffa
In India: Puthiyaveedu, Olessa P.O., Kottayam, Kerala
Tel.: 0481 – 2516623
Home Parish: St. John's Jacobite Church, Olessa
Area Unit: NAZARETH



Name: **ANIL JOY (A 071) – Tel.: 39924544**
Address: Flat 13, Building 262, Road 838, Block 307, Zubera Avenue,
In India: Thuruthy P.O., Perumbavoor, Ernakulam, Kerala 683545
Tel.: 0484 – 2645139
Home Parish: St. Mary's Jacobite Syrian Church, Kuruppampady
Area Unit: CANA



Name: **BABU MATHEW (B 106) – Tel.: 39221407**
Address: Flat 1, Building 4526, Road 783, Riffa 907
In India: Kurumolathu House, Thattamugal, Mazhavannur, Ernakulam
Tel.:
Home Parish: St. Thomas Jacobite Syrian Church, Mazhuvannoor
Area Unit: NAZARETH



Name: **BIJU KUNJACHAN (B 107) – Tel.: 39328348**
Address: Flat 2, Bldg. G 3149, Road 1448, Hamala 1014
In India: Keezhdiyil Puthenveedu, Padacottickal Thattayil P.O., Adoor
Tel.: 9947310159
Home Parish: St. Mary's Jacobite Syrian Church, Thattayil
Area Unit: NAZARETH



Name: **JUSTIN JACOB (J 099) – Tel.: 36517159**
Address: Flat 21, Bldg. 995, Road 3316, Mahooz 333, Umm Al Hassam
In India: Kaniyadan, Aimury Kara P.O., Kuruppampady, Ernakulam
Tel.: 0484 – 2523072
Home Parish: St. Mary's Cathedral, Kuruppampady
Area Unit: JERUSALEM



Name: **PATHROSE KUNNEL (P 030) – Tel.: 39229885**
Address: Flat 22, Bldg. 1500, Rd. 623, Ras Ruman 306
In India: Kunnel House, Elerithattu P.O., Nileshwar Via,Kasaragod
Tel.: 0467 – 2245129
Home Parish: St. Mary's Jacobite Soonoro Church
Area Unit: CANA



Name: **ROY PUTHANPURACKAL GEORGE (R 060) – Tel.: 39132360**
Address: Flat 303, Bldg. 1604, Rd. 2118, Gudaibiya 321
In India: Puthanpurackal House,Pulluvazhy P.O., Perumbavoor, Ernakulam, Tel.: 0484 - 2732119
Home Parish: St. Mary's Sehiyon Jacobite Syrian Church, Nellimolam,
Area Unit: CANA



Name: **SOBERS VARGHESE (S 134) – Tel.: 36763942**
Address: Flat 2, Bldg. 1333, Rd. 137, Tubli 701
In India: Mangalath, K.P. 8/185, Durga Nagar, N.C.C. Road, Thiruvananthapuram, Kerala - Tel.: 99471 – 2431084
Home Parish: St. Peter's Church, Thiruvananthapuram
Area Unit: HERMON



Name: **SHAJAN ALIYAS KADAYAM (S 135) – Tel.: 34129503**
Address: Bldg. 175, Budaiya Highway, Guful 312
In India: Kadayam House, Thokkupara P.O., Ambazhachal, Idukki
Tel.: 9446807288
Home Parish: St. George's Jacobite Syrian Church, Thokkupara
Area Unit: BETHANY

ഈ ഒരു വർഷക്കാലം എന്നോടു കൂടി സഞ്ചരിച്ച് എന്നെ സഹിച്ച എല്ലാവർക്കും നന്ദി. പാകപ്പിഴകൾ സാദരം ക്ഷമിക്കുക. എല്ലാവർക്കും സന്തോഷത്തിന്റെയും സമാധാനത്തിന്റെയും ദൈവകൃപ നിറഞ്ഞ ഒരു പുതുവത്സരം ആശംസിക്കുന്നു. (ബുള്ളററിൻ എഡിററർ)